**Signature and Name of Invigilator**

1. (Signature) ____________________

   (Name) ____________________

2. (Signature) ____________________

   (Name) ____________________

**Answer Sheet No. :** ..............................................

(To be filled by the Candidate)

**Roll No.** | | | | | | | |

(In figures as per admission card)

**Roll No.** ____________________

(In words)

**Test Booklet No.**

**D—2206**

**PAPER—II**

# MALAYALAM

**Time : 1¼ hours]** **[Maximum Marks : 100**

Number of Pages in this Booklet : **16** Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the question booklet will be replaced nor any extra time will be given.**
   (iii) After this verification is over, the Serial No. of the booklet should be entered in the Answer-sheets and the Serial No. of Answer Sheet should be entered on this Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the oval as indicated below on the correct response against each item.

   **Example :** (A) (B) ● (D)

   where (C) is the correct response.
5. Your responses to the items are to be indicated in the Answer Sheet given **inside the Paper I booklet only**. If you mark at any place other than in the ovals in the Answer Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your name or put any mark on any part of the test booklet, except for the space allotted for the relevant entries, which may disclose your identity, you will render yourself liable to disqualification.
9. You have to return the test question booklet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is NO negative marking.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी। पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें। खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं। दोषपूर्ण पुस्तिका जिनमें पृष्ठ / प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें। इसके लिए आपको पाँच मिनट दिये जायेंगे। उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा।**
   (iii) इस जाँच के बाद प्रश्न-पुस्तिका की क्रम संख्या उत्तर-पत्रक पर अंकित करें और उत्तर-पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं। आपको सही उत्तर के दीर्घवृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है।

   **उदाहरण :** (A) (B) ● (D)

   जबकि (C) सही उत्तर है।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये** उत्तर-पत्रक पर ही अंकित करने हैं। यदि आप उत्तर पत्रक पर दिये गये दीर्घवृत्त के अलावा किसी अन्य स्थान पर उत्तर चिन्हांकित करते है, तो उसका मूल्यांकन नहीं होगा।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें।
8. यदि आप उत्तर-पुस्तिका पर अपना नाम या ऐसा कोई भी निशान जिससे आपकी पहचान हो सके, किसी भी भाग पर दर्शाते या अंकित करते हैं तो परीक्षा के लिये अयोग्य घोषित कर दिये जायेंगे।
9. आपको परीक्षा समाप्त होने पर उत्तर-पुस्तिका निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद अपने साथ परीक्षा भवन से बाहर न लेकर जायें।
10. **केवल नीले / काले बाल प्वाईंट पैन का ही इस्तेमाल करें।**
11. **किसी भी प्रकार का संगणक ( कैलकुलेटर ) या लाग टेबल आदि का प्रयोग वर्जित है।**
12. **गलत उत्तर के लिए अंक नहीं काटे जायेंगे।**

## MALAYALAM

## PAPER II

Note : ഈ ചോദ്യക്കടലാസിൽ അമ്പത് (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും രണ്ടു (2) മാർക്ക്. ഉത്തരക്കടലാസിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

1. ദ്രാവിഡഗോത്രത്തിൽ ഉൾപ്പെടാത്ത ഭാഷ

   (A) തുളു (B) കൊങ്കിണി

   (C) തോഡ (D) ബ്രാഹൂയി

2. ദ്രാവിഡ ഭാഷകളുടെ നിരുക്തിനിഘണ്ടു നിർമ്മിച്ചതു

   (A) എമിനോ (B) ബറോ

   (C) എമിനോയും ബറോയും (D) റോബർട് കാൽഡ്വൽ

3. "ഇവലൂഷൻ ഓഫ് മലയാളം മോർഫോളജി" എന്ന ഗ്രന്ഥത്തിൻെറ കർത്താവ്

   (A) എ.സി. ശേഖർ (B) എൽ. വി. രാമസ്വാമി അയ്യർ

   (C) ആർ. ഇ. ആഷർ (D) എസ്.കെ. ചാറ്റർജി

4. ലീലാതിലകത്തിലെ പാട്ടിൻെറ നിർവചനം അനുസരിക്കുന്ന രണ്ടുകൃതികൾ

   (A) രാമചരിതവും തിരുനിഴൽമാലയും

   (B) രാമചരിതവും കണ്ണശ്ശരാമായാണവും

   (C) രാമചരിതവും പയ്യന്നൂർപ്പാട്ടും

   (D) രാമചരിതവും കൃഷ്ണഗാഥയും

5. "ഉരുവേകണ്ടേനത്തേർമേലെന്നുള്ളിലിരുന്ന -
   രുളുംപോലെ"

   എന്ന പാർത്ഥസാരഥി വർണ്ണന ഉൾപ്പെടുന്ന കൃതി

   (A) മഹാഭാരതം കിളിപ്പാട്ട് (B) ഭാരതമാല

   (C) ചെറുശ്ശേരിഭാരതം (D) തിരുനിഴൽമാല

6. മാമാങ്ക പരാമർശമുള്ള പ്രഥമ മലയാളകൃതി

   (A) ഉണ്ണുനീലിസന്ദേശം (B) കൃഷ്ണഗാഥ

   (C) കോകസന്ദേശം (D) ലീലാതിലകം

7. വെണ്ടിങ്കൾ എന്നതിലെ സന്ധിയെ സാധൂകരിക്കുന്ന ലീലാതിലക സൂത്രം

(A) ണസ്തസ്യ ടഃ (B) ള്ളോനഃ

(C) ലോപശ്ച (D) ലനയോഃ കചപേഷുറഃ

8. ഭാഷാനൈഷധം ചമ്പുവിനു പ്രാഞ്ജലി വ്യാഖ്യാനം എഴുതിയത്

(A) കൈക്കുളങ്ങര രാമവാരിയർ (B) പാട്ടത്തിൽ പത്മനാഭമേനോൻ

(C) പി.കെ. നാരായണപിള്ള (D) ഉള്ളൂർ എസ്. പരമേശ്വര അയ്യർ

9. ചേരുംപടി ചേർത്തെഴുതുക

| പട്ടിക-1 | | പട്ടിക-2 | |
|---|---|---|---|
| (a) | പഴഞ്ചൊൽമാല | 1. | വേലായുധൻ പണിക്കശ്ശേരി |
| (b) | പഴഞ്ചൊൽ പ്രപഞ്ചം | 2. | രാമലിംഗംപിള്ള |
| (c) | നാലായിരം പഴഞ്ചൊല്ലുകൾ | 3. | പൗലിനോസ് പാതിരി |
| (d) | മലയാളശൈലി നിഘണ്ടു | 4. | ഗുണ്ടർട്ട് |
| | | 5. | പി.സി. കർത്താ |

(A) a1, b3, c2, d5 (C) a5, b5, c1, d2

(B) a4, b5, c1, d2 (D) a1, b5, c2, d3

10. ചേരുംപടി ചേർത്തെഴുതുക

| പട്ടിക-1 | | പട്ടിക-2 | |
|---|---|---|---|
| (a) | വലവീശുപുരാണം | 1. | ചുമ്മാർ ചൂണ്ടൽ |
| (b) | വടക്കൻപാട്ടുകൾ | 2. | പി.എൽ. ലൂക്കാസ് |
| (c) | തച്ചോളിപ്പാട്ടുകൾ | 3. | എം.സി. അപ്പുണ്ണി നമ്പ്യാർ |
| (d) | പുരാതനപ്പാട്ടുകൾ | 4. | ഹെർമൻ ഗുണ്ടർട്ട് |
| | | 5. | സാംബശിവശാസ്ത്രികൾ |

(A) a1, b2, c4, d5 (B) a5, b3, c4, d2

(C) a1, b3, c4, d5 (D) a1, b3, c2, d2

11. മലയാള ശാസനപഠനങ്ങൾ പ്രസിദ്ധീകരിച്ചവർ

(A) എ.സി. ശേഖർ, ടി.എ. ഗോപിനാഥറാവു, ഇളംകുളം കുഞ്ഞൻപിള്ള

(B) എം.ജി.എസ് നാരായണൻ, എൽ. വി. രാമസ്വാമി അയ്യർ, കെ.രത്നമ്മ

(C) ടി.എ. ഗോപിനാഥറാവു, കേരളപാണിനി, പുതുശ്ശേരി രാമചന്ദ്രൻ

(D) എ.സി. ശേഖർ, എസ് ഗുപ്തൻ നായർ, സി.എൽ, ആൻറണി

12. ദൂതവാക്യത്തിന്റെ സവിശേഷതകൾ

(a) പ്രാചീനഗദ്യമാതൃക (b) പുരാണപുനരാഖ്യാനം

(c) സന്ദേശകാവ്യം (d) മണിപ്രവാളം

(A) aഉം bഉം മാത്രം ശരി (B) എല്ലാം ശരി

(C) എല്ലാം തെറ്റ് (D) cഉം dഉം ശരി

13. കടലിലെ തിരമാലകൾപോലെ പദാവലി തോന്നണം എന്നു പ്രാർത്ഥിച്ച പ്രാചീന കവികൾ

(A) എഴുത്തുച്ഛനും ഉണ്ണിനീലിസന്ദേശകാരനും

(B) രാമചരിതകാരനും കൃഷ്ണഗാഥാകാരനും

(C) എഴുത്തച്ഛനും രാമചരിതകാരനും

(D) എഴുത്തച്ഛനും പൂന്താനവും

14. ചേരുംപടി ചേർത്തെഴുതുക

| | പട്ടിക-1 | | പട്ടിക-2 |
|---|---|---|---|
| (a) | "ഭാഷാമിശ്രം പൊഴുതുകഥയാമി" | 1. | മുഹൂർത്തപദവി |
| (b) | "ഭാഷാമിശ്രമെൻറികഴാതെ" | 2. | രാമചരിതം |
| (c) | "ഊഴിയൽ ചെറിയവർക്കറിയുമാറുരചെയ്‌വാൻ" | 3. | കണ്ണശ്ശന്മാർ |
| (d) | "ഭടജനങ്ങളുടെ നടുവിലുള്ളൊരു പടയണിക്കിഹ ചേരുവാൻ | 4. | കുഞ്ചൻനമ്പ്യാർ" |

(A) a1, b2, c4, d3 (B) a4, b2, c1, d4

(C) a1, b3, c2, d4 (D) a3, b2, c1, d4

15. "ഹസ്തേന ഹസ്തതലമാത്ത സുഖം ഗൃഹീത്വാ" എന്ന കഥകളിപ്പദം

(A) നളചരിതത്തിൽ (B) കിർമ്മീരവധത്തിൽ

(C) കാലകേയവധത്തിൽ (D) ദുര്യോധനവധത്തിൽ

16. "വിശ്വമനോഹര ചാരുശരീരൻ
വിശ്രുതസചിവ സമേതൻ
വിദ്യാജലനിധി വിസ്മയനീയൻ
വിഷ്ടപപാലന ശീലൻ" എന്നതു

(A) ഉണ്ണായിവാര്യർ നളനെക്കുറിച്ച്

(B) കോട്ടയത്തു തമ്പുരാൻ ഭീമനെക്കുറിച്ച്

(C) വയസ്കര മൂസ്സ് ദുര്യോധനനെക്കുറിച്ച്

(D) കിളിമാന്നൂർ തമ്പുരാൻ അർജ്ജുനനെക്കുറിച്ച്

17. കുഞ്ചൻനമ്പ്യാർ പരാമർശിക്കുന്ന സാങ്കല്പിക ഭരണാധികാരി

(A) ഉലകുട പെരുമാൾ
(B) ഉദയമാർത്താണ്ഡവർമ്മ
(C) കടത്തനാടു രാജാവ്
(D) ചെമ്പകശ്ശേരി രാജാവ്

18. ചേരുംപടി ചേർത്തെഴുതുക

| | പട്ടിക-1 | | പട്ടിക-2 |
|---|---|---|---|
| (a) | രാജ്യസമാചാരം | 1. | 1848 |
| (b) | ജ്ഞാന നിക്ഷേപം | 2. | 1904 |
| (c) | കവന കൗമുദി | 3. | 1847 |
| (d) | വിദ്യാവിനോദിനി | 4. | 1890 |

(A) a4, b3, c2, d1
(B) a3, b4, c2, d1
(C) a3, b1, c2, d4
(D) a1, b3, c4, d2

19. മലയാളത്തിലെ ബൈബിൾ വിവർത്തകർ

(A) ബയിലി, ഗുണ്ടർട്ട്, നിധീരിക്കൽ മാണിക്കത്തനാർ

(B) ഗുണ്ടർട്, അർണോസ്, കനിമൂസ മാണിക്കത്തനാർ

(C) ബയിലി, ഗുണ്ടർട്ട്, കനിമൂസ മാണിക്കത്തനാർ

(D) ബയിലി, ഗുണ്ടർട് അർണോസ്

20. ചേരുംപടി ചേർത്തെഴുതുക

| പട്ടിക-1 | | പട്ടിക-2 | |
|---|---|---|---|
| (a) | കവിപുഷ്പമാല | 1. | ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ |
| (b) | കവിഭാരതം | 2. | മൂലൂർ പത്മനാഭ പണിക്കർ |
| (c) | കവിരാമായണം | 3. | കാത്തുള്ളിൽ അച്യുതമേനോൻ |
| (d) | കവിമൃഗാവലി | 4. | കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ |

(A) a3, b4, c2, d1 (B) a1, b3, c2, d4

(C) a2, b1, c3, d4 (D) a4, b3, c1, d2

21. **കാര്യം :** പച്ച മലയാള പ്രസ്ഥാനം പെട്ടെന്നു പൊലിഞ്ഞുപോയി.
**കാരണം :** പുതിയ ദേശ - ഭാഷാബോധത്തിന്റെ പ്രത്യക്ഷലക്ഷണമായിരുന്ന പച്ചമലയാള പ്രസ്ഥാനം

(A) കാര്യവും കാരണവും ശരി, പക്ഷേ, കാര്യകാരണ ബന്ധമില്ല.

(B) കാര്യം ശരി, കാരണം തെറ്റ്

(C) കാര്യവും കാരണവും ശരി, കാര്യകാരണ ബന്ധമുണ്ട്

(D) കാര്യം തെറ്റ്, കാരണം തെറ്റ്

22. ചേരുംപടി ചേർത്തെഴുതുക

| പട്ടിക-1 | | പട്ടിക-2 | |
|---|---|---|---|
| (a) | ബാലാമണിയമ്മ | 1. | ഭസ്മാസുരൻ |
| (b) | ചങ്ങമ്പുഴ | 2. | കളങ്കമറ്റ കൈ |
| (c) | ചെറിയാൻ കെ.ചെറിയാൻ | 3. | മാമ്പഴക്കാലം |
| (d) | പി.പി. രാമചന്ദ്രൻ | 4. | സംക്രമണം |
| | | 5. | മോഹിനി |

(A) a5, b4, c1, d3 (B) a2, b4, c1, d3

(C) a3, b5, c2, d4 (D) a2, b5, c1, d3

23. ദഷ്ടാന്തമതിനെബിംബ
പ്രതിബിംബങ്ങളാക്കുകിൽ - ഏതിനെ?

(A) ഉപമേയം (B) ഉപമാനം

(C) സാധാരണധർമ്മം (D) ഉപമാവാചകം

24. താഴെകൊടുത്തിരിക്കുന്ന ദ്വന്ദ്വങ്ങളിൽ ഏതിനാണ് ചേർച്ചയുള്ളത്?

(A) എതിർപ്പ് - ഫാ. വടക്കൻ

(B) ജീവിതസമരം - സി. കേശവൻ

(C) ജീവിതപ്പാത - കെ. പി. കേശവമേനോൻ

(D) എന്റെ ജീവിതം, എന്റെ സമരം - പി. കേശവദേവ്

25. സി. എൻ. ശ്രീകണ്ഠൻനായരുടെ രാമായണ നാടകങ്ങൾ കാലക്രമനുസരിച്ച് എഴുതുമ്പോൾ

(A) സാകേതം, കാഞ്ചനസീത, ലങ്കാലക്ഷ്മി

(B) കാഞ്ചനസീത, സാകേതം, ലങ്കാലക്ഷ്മി

(C) ലങ്കാലക്ഷ്മി, കാഞ്ചനസീത, സാകേതം

(D) കാഞ്ചനസീത, ലങ്കാലക്ഷ്മി, സാകേതം

26. ചന്ദ്രമതിയുടെ കഥാസമാഹാരം

(A) റെയ്ൻ ഡിയർ

(B) അഗ്നി

(C) ഒരു ലെസ്ബിയൻ പശു

(D) അപൂർണ്ണ വിരാമങ്ങൾ

27. പുരോഗമനകലാസാഹിത്യ സംഘത്തിന്റെ അധ്യക്ഷസ്ഥാനം വഹിച്ചിട്ടില്ലാത്ത വ്യക്തി

(A) എം.എൻ. വിജയൻ

(B) വൈലോപ്പിള്ളി

(C) എം.കെ. സാനു

(D) എം.എസ്. മേനോൻ

28. ഒന്നാംഭാഗവും രണ്ടാംഭാഗവുമായി വരുന്ന നാടകങ്ങൾ

(A) സൃഷ്ടി, സംഹാരം

(B) അശ്വമേധം, ശരശയ്യ

(C) ആ മനുഷ്യൻ നീ തന്നെ, അവൻ വീണ്ടും വരുന്നു

(D) കാപാലിക, പ്രേതലോകം

29. ഖണ്ഡകഥാപ്രസ്ഥാനം എന്ന പേരിൽ ചെറുകഥയ്ക്കു ലക്ഷണ ഗ്രന്ഥമെഴുതിയത്

(A) സി. വി. അച്യുതമേനോൻ

(B) എം. പി. പോൾ

(C) സി. അന്തപ്പായി

(D) സി. ജെ. തോമസ്

30. റിയലിസത്തിനു പരാജയ പ്രസ്ഥാനം എന്നു പേരു നൽകിയതു

(A) എസ്. ഗുപ്തൻ നായർ

(B) കേസരി ബാലകൃഷ്ണപിള്ള

(C) കുട്ടിക്കൃഷ്ണമാരാര്

(D) കെ.പി. അപ്പൻ

31. സാഹിത്യ പഞ്ചാനനൻ പി.കെ.നാരായണ പിള്ളയുടെ ആത്മകഥ

(A) ഞാൻ (B) സ്മരണമണ്ഡലം

(C) ജീവിതസ്മരണകൾ (D) എന്റെ ജീവിതകഥ

32. ചേരുംപടി ചേർത്തെഴുതുക

| | പട്ടിക-1 | | പട്ടിക-2 |
|---|---|---|---|
| (a) | പലജനത പലേനിബന്ധനം<br>പല നഗരം പലവേഷഭാഷകൾ | 1. | വയലാർ |
| (b) | ചെങ്കോലു ദൂരത്തിട്ടു യോഗദണ്ഡെടുക്കുന്നു<br>പൊൻകിരീടത്തെ ജടാജ്ജൂടമായ് മാറ്റീടുന്നു | 2. | കുമാരനാശാൻ |
| (c) | മനസ്സിലാക്കുക നമ്മൾ പരസ്പര -<br>മെനിക്കതൊന്നേ മോഹം | 3. | വള്ളത്തോൾ |
| (d) | ജീവിതമെനിക്കൊരു ചൂളയായിരുന്നപ്പോൾ<br>ഭൂവിനാവെളിച്ചത്താൽ വെണ്മ ഞാനുളവാക്കി | 4. | ജി. |

(A) a1, b3, c4, d1 (B) a2, b3, c1, d4

(C) a3, b4, c2, d1 (D) a4, b3, c2, d1

33. മലബാർകലാപം ചരിത്രപശ്ചാത്തലമായി വരുന്ന രണ്ടുനോവലുകൾ

(A) ഭ്രാന്താലയം, നാലുകെട്ട്

(B) വിഷകന്യക, തൃക്കോട്ടൂർ പെരുമ

(C) കാലം, സ്മാരകശിലകൾ

(D) സുന്ദരികളും സുന്ദരന്മാരും, അസുരവിത്ത്

34. ചകരാന്തി അട എന്ന കഥയുടെ കർത്താവ്

(A) നാരായൻ (B) ടി.കെ.സി. വടുതല

(C) കവിയൂർ മുരളി (D) വെട്ടൂർ രാമൻനായർ

35. മെറ്റാഫിക്ഷൻ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താവുന്ന മലയാളനോവൽ

(A) കേശവന്റെ വിലാപങ്ങൾ (B) പാണ്ഡവപുരം

(C) മരണസർട്ടിഫിക്കറ്റ് (D) ആലാഹയുടെ പെൺമക്കൾ

36. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡു നേടിയ പ്രഥമ മലയാള കൃതി

(A) നവയുഗ ഭാഷാനിഘണ്ടു (B) ചെമ്മീൻ

(C) ഓടക്കുഴൽ (D) മഞ്ഞ്

37. ഹോർത്തൂസ് മലബാറിക്കസ് പുനപ്രസാധനം ചെയ്തത്

(A) കേന്ദ്രസാഹിത്യ അക്കാദമി
(B) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
(C) കേരളസാഹിത്യ അക്കാദമി
(D) കേരള സർവകലാശാല

38. ചേരുംപടി ചേർത്തെഴുതുക

| പട്ടിക-1 | പട്ടിക-2 |
|---|---|
| (a) ഭാഷാഭഗവദ്ഗീത | 1. അജ്ഞാതകർത്തൃകം |
| (b) മലയാള ശാകുന്തളം | 2. ഏ.ആർ. രാജരാജ വർമ്മ |
| (c) ഭാഷാകൗടലീയം | 3. നിരണത്തു മാധവപ്പണിക്കർ |
| (d) ഉത്തരരാമചരിതം | 4. ചാത്തുക്കുട്ടി മന്നാടിയാർ |
| | 5. ആറ്റൂർ കൃഷ്ണപ്പിഷാരടി |

(A) a3, b2, c1, d4
(B) a2, b5, c1, d4
(C) a2, b5, c3, d1
(D) a4, b2, c5, d1

39. ചേരുംപടി ചേർത്തെഴുതുക

| പട്ടിക-1 | പട്ടിക-2 |
|---|---|
| (a) യയാതി | 1. എൻ.കെ. ദാമോദരൻ |
| (b) കരമസോവ്സഹോദരന്മാർ | 2. എം.എൻ. സത്യാർത്ഥി |
| (c) വിലയ്ക്കുവാങ്ങാം | 3. പി.എസ്. വേലായുധൻ |
| (d) ഏകാന്തതയുടെ നൂറു വർഷങ്ങൾ | 4. പി. മാധവൻപിള്ള |
| | 5. നിലീന ഏബ്രഹാം |

(A) a1, b3, c2, d5
(B) a4, b5, c1, d3
(C) a4, b1, c2, d3
(D) a3, b2, c5, d1

40. പറുദീസാപർവം, പ്രളയപർവം,പെട്ടക പർവം എന്നിങ്ങനെ വിഭജിക്കപ്പെട്ടിരിക്കുന്ന നോവൽ

(A) പുറപ്പാടിന്റെ പുസ്തകം
(B) ആയുസ്സിന്റെ പുസ്തകം
(C) അരനാഴികനേരം
(D) സ്വർഗ്ഗദൂതൻ

41. "കാടോ നാടോ" എന്നിടത്തു "ഓ"

(A) സമുച്ചയ നിപാതം
(B) വികല്പനിപാതം
(C) വിഭക്തിപ്രത്യയം
(D) വ്യാക്ഷേപകം

42. കേരളപാണിനീയത്തെ സ്വരമായി പരിഗണിച്ച വൈയാകരണൻ

(A) ലീലാതിലകകാരൻ (B) കേരളപാണിനി

(C) ആർ. ഇ. ആഷർ (D) പ്രഭാകരവാരിയർ

43. "തരിക നീ പീതസായന്തനത്തിൻെറ
നഗരമേ, നിൻെറ വൈദ്യുതാലിംഗനം'' - എന്ന ഭാഗം വരുന്ന കവിത

(A) ശാന്ത (B) പാർക്കിൽ

(C) എവിടെ ജോൺ (D) ഗസൽ

44. 2004-ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയത്

(A) അയ്യപ്പപ്പണിക്കർ (B) സുകുമാർ അഴീക്കോട്

(C) സാറാ ജോസഫ് (D) കെ.ജി. ശങ്കരപ്പിള്ള

**താഴെ കൊടുത്തിട്ടുള്ള കവിതാ ഭാഗം വായിച്ച് അതിനെത്തുടർന്ന് വരുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

i

അന്തിമഹാകാളൻ കുന്നിൻ ചെരിവിലെ
പൊന്തയിലന്തികൾ മൂളുമ്പോൾ
ഗന്ധർവ്വൻ വനമേലേതൊരമ്പിളി
വെള്ളിച്ചിലമ്പു കിലുക്കുന്നു?
യന്ത്രങ്ങൾ പേരാറു കാളിന്ദിയാകുമ്പോൾ,
വൻമഴക്കാടുകൾ മുടിയുമ്പോൾ
പാലത്തിൽ പാതിരയ്ക്കൊറ്റയ്ക്കേതൊരു
തേജസ്സിൽ തേങ്ങലുയരുന്നു?
പാടത്തു പൊള്ളിക്കിതയ്ക്കുന്ന തോളിനെ -
യാരുടെ ചില്ലകൾ വീശുന്നു?
കേളുവും കോമനുമാരുടെയാലയിൽ
വാൾ മൂർച്ച തേടിപ്പഴുക്കുന്നു?
ഉച്ചുകുത്തിപ്പോമുന്നർച്ചയാർ കർമണി
ന്നുച്ചയിൽ മുക്കി മുളപ്പിച്ചു?
കാവിൽ, കുളത്തിൽ, കുടിലിൽ, കളരിയി
ലാരോ ബലിപ്പാട്ടു മൂളുന്നു?
ഓണപ്പൂന്തുമ്പികൾ പൊൻപൊടിമാറ്റേറി
ക്കാരമുൾക്കാട്ടിൽ വിതച്ചതാർ?
കാരിരുമ്പിൻ കൊഴുപോൽ കൂർത്ത പാട്ടിനാൽ
നാടുഴുതൂർച്ച നടത്തിയോനേ

അണ്ണാൻവരകൾ വരികളാക്കി അതിൽ
സ്വർണ്ണവും തീയും നിറച്ചതാര്?
കാളയമറുന്ന തൻ തുടി വെറ്റില
നീല ഞരമ്പാൽ മുറുക്കിയോനെ
മാവായിപ്പൂക്കുന്നതാരാണ്?
മഴയായി പെയ്തോരിടശ്ശേരി
കതിരായ് വിളയുന്നതാരാണ്?
ഇലയായ് കൊഴിഞ്ഞോരിടശ്ശേരി.

ii

തിരുനാവാ മണൽ ചുട്ടിക്കുത്താൻകിടക്കുമ്പോൾ
പുഴകേളി കൊട്ടിത്തിമിർക്കുമ്പോൾ,
താടിയായലറുന്ന പട്ടണത്തിൻ തിര
ശ്ശീല പിടിച്ചു ഞാൻ നിൽക്കുന്നു.
കത്തിക്കും പച്ചയ്ക്കും കണ്ണകടയുന്നു
കാഴ്ചക്കാർ കോട്ടുവായ് മൂടുന്നു.
കളിവിളക്കും ഞാനുമൊരുപോലെ;
കാലുകഴച്ചുനിന്നെരിയുന്നു.
കരുണയാലെരിതീയിലെണ്ണ പകരുന്നു
കുറിയവർ; കണ്ടവർ കുത്തുന്നു.
കടകളിൽ നിന്നു കടംകിട്ടാനായി ഞാൻ
കളസവും കേറ്റി നടക്കുന്നു.
പാതിയിരുളിൽ ഞാനൊറ്റയ്ക്കു പോകുന്നു,
ആറാത്ത പിണ്ടം ചവിട്ടുന്നു
ഒറ്റയാൻ പടരുന്നതാകാ, മതല്ലെങ്കി
ലുത്സവം കൊടികേറിയെന്നാകാം
കാലങ്ങളൊക്കെയും തീർന്നിട്ടു ചെണ്ടക്കാർ
കലികാലം കൊട്ടാൻ തുടങ്ങുമ്പോൾ
കതിനയ്ക്കു തീ ഞാൻ കൊളുത്തുന്നു, പിന്നെ
കാതുകൾ പൊത്തിപ്പിടിക്കുന്നു.
കതിനവെടികൾക്കിടയിലിടശ്ശേരി
യൊരു മേശപ്പൂവായി മൂളുന്നു:

“അട്ടത്തെത്തേങ്ങ നാമെങ്കിൽ നമുക്കേ
കട്ടിച്ചിരട്ടയിൽ കാമ്പു കാണും
മുക്കണ്ണർ നമ്മളെത്തന്നെ നാം കാണുന്നു
അപ്പുറ, മിപ്പുറം കാണുന്നു.
നോക്കു കുത്തിപ്പട നാമെങ്കിൽ നാം കണ്ടു
നില്ക്കുന്ന വെയിലിൽ, മഴയിൽ, മഞ്ഞിൽ
വിളവിലിറങ്ങും നരികളെ രാത്രിയിൽ
ചിറകെട്ടി നീർതാക്കും പൂതന്മാരെ
ഇരവി ലേയ്ക്കാണ്ടു പകലിലുയരും നാം
വയലിൻ വരമ്പിലെ ദൈവങ്ങൾ!
തേരുരുളാനെണ്ണ നമ്മൾ, ചക്രത്തിൻെറ
കീഴിലരയുവോർ നാം തന്നെ.
അതുകൊണ്ടേ നമ്മുടെ പാട്ടിലിരമ്പുന്നു
തേരുരുളൊച്ചയും കണ്ണീരും.”

iii

കൊന്നയായ് പൊന്നാനി പൊന്നായ് വിഷുപ്പക്ഷി
ത്തൊണ്ടയിലൂടെ വാർന്നെത്തുമ്പോൾ
നരിപോലിളിയ്ക്കുന്ന നഗരത്തിൻ വിടുവി
ട്ടൊഴിവിൽ ഞാനെൻ നാട്ടിലെത്തുന്നു.
പതിവുപോലലരിയിൽ യക്ഷിതിളയ്ക്കുന്നു,
അറുകൊല ചുറ്റിമെതിക്കുന്നു.
പതിവുപോൽ പതികളിൽ പാലൂട്ട്, പറവെപ്പ്
പതിവുകാർ പന്തലാൽ ഭഗവതിക്ക്
മറുതാകൾ, മാടന്മാ, റൊറ്റുകാർ, വാഴമേ
ലിരവിൽതളിരുപോലെൻ പിതൃക്കൾ:

“സന്ധ്യയ്ക്കു കൊത്തങ്കല്ലാടല്ലേ!
ഉമ്മറപ്പടിമേലിരിക്കല്ലേ!
തിരുവായയ്ക്കെതിർവായപറയല്ലേ!

തെരുവിലെ ദുരിതങ്ങൾ കാണല്ലേ!

പശുവിനെ വന്ദിച്ചേ പോകാവൂ!
പറയനെപ്പടിയിലേ നിർത്താവൂ!
പതമായിപ്പതിരേ കൊടുക്കാവൂ!
ചതികൊണ്ടേ ചതുരംഗം വെല്ലാവൂ!”

ഓരോതളിരും ഞാൻ നീർത്തിനോക്കി
ചാരത്തിനുള്ളിൽ കനൽ തിരക്കി
വർഗ്ഗവൈരത്തിൻ നിറം മങ്ങിയെൻ നാട്ടിൽ
വർഗ്ഗീയ വൈഡൂര്യം കത്തിനിൽക്കെ
കാരിരുമ്പെല്ലും തുരുമ്പെടുക്കെ-
ക്കഴുമരപ്പക്ഷികളമറി നിൽപൂ
കുടിലിലും കുടലിലും കീചകർ, പൊലികൂട്ടും
പടുകൈയിൽ കെടുതി തൻ കൂമൻ മാത്രം.
മരണം തന്നങ്കവാൽ കുടയുന്നു, കൊക്കേറ്റു
പൊഴിയുന്നു പൂടപോൽ ജീവിതങ്ങൾ
ഓണമുറ്റത്ത് കബന്ധനൃത്തം
പൂവിളിക്കുള്ളിൽ പുലിയിറക്കം
ഉരലെടുത്തെറിയുന്നു - പോയീലാപുലി
ഉയിരെടുത്തെറിയുന്ന - പോയീലാ
അവിടെശ്ശവങ്ങൾ തൻ കൺതുറപ്പിച്ചങ്ക-
ച്ചുവടുമായണയുന്നതാരാണ്?
ഏതൊരു പൗർണ്ണമീയീയമാവാസിയിൽ
ഭൈരവീ രാഗമുതിർക്കുന്നു?
പുഴ രണ്ടായ് കീറുമിടശ്ശേരി
വടിപാമ്പായ് മാറ്റുമിടശ്ശേരി
നഗരം ലളിത ചമയുമ്പോഴാ വിഷ-
മുലയൂറ്റി ജീവനെടുക്കുന്നു.
മഴയായി മാറ്റാൻ വന്നലറുമ്പോൾ
മലയെക്കുടയാക്കി നിൽക്കുന്നു
മരമായിമാറ്റാൻ വളരുമ്പോൾ പാറുവി
ന്നുരലും വലിച്ചവനെത്തുന്നു.
ഒടിയന്മാർ കാളയായെത്തുമ്പോൾ കാലിക്കോ-
ലറിയാത്ത മട്ടിൽ ചുഴറ്റുന്നു
പ്രളയമൊടുവിൽ വരുന്നേരമൊരുവരി-
ക്കവിതമേൽ പൊന്തിക്കിടക്കുന്നു
ഒരു മുഴുപ്പൊന്നാനിപ്പെട്ടകത്തിൽ കേറ്റി
ക്കറുക മണത്തു തുഴയുന്നു

45. “കതിനയ്ക്കു തീ ഞാൻ കൊളുത്തുന്നു” - എപ്പോൾ?

(A) പുഴ കേളി കൊട്ടിത്തിമിർക്കുമ്പോൾ

(B) ഉത്സവം കൊടികയറുമ്പോൾ

(C) തിരുനാവാമണൽ ചുട്ടികുത്താൻ കിടക്കുമ്പോൾ

(D) കാലങ്ങളൊക്കെ തീർത്ത ചെണ്ടക്കാർ കലികാലം കൊട്ടാൻ തുടങ്ങുമ്പോൾ

46. കഴുമരപ്പക്ഷികൾ കുടിലിലും കുടലിലും കീചകരായി അമറി നിൽക്കുന്നത് എപ്പോൾ?

(a) പൗർണ്ണമിക്കാലത്ത്

(b) നാട്ടിൽ വർഗ്ഗീയ വൈഡൂര്യം കത്തിനിൽക്കുമ്പോൾ

(c) കാരിരുമ്പെല്ലു തുരുമ്പെടുക്കുമ്പോൾ

(d) മരണം അങ്കവാൽ കുടയുമ്പോൾ

(A) എ മാത്രം ശരി

(B) ബിയും ഡിയും ശരി

(C) ബിയും സിയും ശരി

(D) ഡി മാത്രം ശരി

47. മാവായിപ്പൂക്കുന്നതും കതിരായിവിളയുന്നതും ആരാണ്?

(A) ഭൂമിദേവി

(B) ഇടശ്ശേരി

(C) കഥകളി നടൻ

(D) വയൽവരമ്പിലെ ദൈവം

48. കവി ഒഴിവു കാലത്തു നാട്ടിലെത്തുമ്പോൾ കാണുന്നതെന്തൊക്കെ?

(a) അലരിയിൽ തിളയ്ക്കുന്ന യക്ഷി

(b) ഉത്സവകാലത്തെ പുലിവേഷങ്ങളും ചുട്ടിക്കുത്താൻ കിടക്കുന്ന തിരുനാവാമണലും

(c) ചുറ്റിമെതിക്കുന്ന അറുകൊലകൾ

(d) മറുതകൾ, മാടൻമാർ, ഒറ്റുകാർ

(A) എയും ബിയും ശരി

(B) ബി മാത്രം ശരി

(C) ഡി മാത്രം ശരി

(D) എയും ബിയും ഡിയും ശരി

49. ഇടശ്ശേരി എന്തൊക്കെച്ചെയ്തു?

(A) പൊന്നാനിയെക്കുറിച്ച് കവിതയെഴുതി

(B) പുഴരണ്ടായ് കീറുകയും വടിപാമ്പായ് മാറ്റുകയും ചെയ്തു

(C) താടിയായലയുന്ന പട്ടണത്തിൽ തിരശ്ശീല പിടിച്ചുനിന്നു

(D) ചാരത്തിനുള്ളിൽ കനൽ തിരക്കി

50. കവിയുടെ വർണ്ണനാരീതി

(a) മിതമായ വർണ്ണനകളിലൂടെ അധികം ധ്വനിപ്പിക്കുന്ന രീതി

(b) പ്രകൃതത്തിൻെറ ഗൗരവം നഷ്ടമാക്കുന്ന വർണ്ണനാരീതി

(c) ശക്തവും വ്യക്തവുമായ ബിംബങ്ങൾ ഉപയോഗിക്കുന്ന രീതി

(d) ധ്വന്യാത്മകത തീരെയില്ലാത്ത വർണ്ണനാരീതി

(A) എ മാത്രം ശരി

(B) ബിയും ഡിയും ശരി

(C) എയും സിയും ശരി

(D) ഡി മാത്രം ശരി

- o O o -

**Space For Rough Work**